# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. *15 — 26.09.2016 ൽ മറുപടിക്ക്

### ആറൻമുള വിമാനത്താവളം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീമതി.വീണാ ജോർജ്ജ്<br>ശ്രീ.കെ.സുരേഷ് കുറുപ്പ്<br>,, കെ. കെ. രാമചന്ദ്രൻ നായർ<br>ശ്രീമതി.പി. അയിഷാ പോറ്റി: | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) ആറൻമുള വിമാനത്താവള പദ്ധതിയെക്കുറിച്ച് സർക്കാരിന്റെ നിലപാട് വ്യക്തമാക്കാമോ;<br>(ബി) വിമാനത്താവള പദ്ധതിക്കായി പരിസ്ഥിതി പഠനം നടത്താൻ കേന്ദ്ര പരിസ്ഥിതി മന്ത്രാലയം ഉത്തരവ് ഇറക്കിയിട്ടുണ്ടോ; എങ്കിൽ ഉത്തരവ് പുറപ്പെടുവിക്കാനുള്ള സാഹചര്യമെന്തായിരുന്നുവെന്ന് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;<br>(സി) പദ്ധതിയുടെ ആവശ്യകത സംബന്ധിച്ച് പൊതുജനാഭിപ്രായം തേടണമെന്ന് കേന്ദ്ര നിർദ്ദേശം ഉണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ സർക്കാർ നിലപാടെന്തെന്ന് വ്യക്തമാക്കുമോ? | (എ) യും (ബി) യും (സി) യും വ്യവസായ വകുപ്പിന്റെ 08.09.2010 ലെ ജി.ഒ(ആർ.റ്റി) നം. 1262/10/വ്യവ പ്രകാരം പത്തനംതിട്ടജില്ലയിലെ ആറന്മുളയിൽ, ഗ്രീൻ ഫീൽഡ് എയർപോർട്ട് സ്ഥാപിക്കുന്നതിലേക്ക് നിലവിലുള്ള നിയമവ്യവസ്ഥകൾക്ക് വിധേയമായി മാത്രം സ്വന്തം നിലയിൽ ഭൂമി കണ്ടെത്തേണ്ടതാണെന്ന വ്യവസ്ഥയിൽ തത്ത്വത്തിൽ അംഗീകാരം നൽകി ഉത്തരവായിരുന്നു. കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെയും എയർപോർട്ട്സ് അതോറിറ്റി ഓഫ് ഇന്ത്യയുടേയും മറ്റ് കേന്ദ്ര സർക്കാർ സ്ഥാപനങ്ങളുടേയും നിബന്ധനകൾക്കും, കാലാകാലങ്ങളിലായി കേന്ദ്ര വ്യോമയാന മന്ത്രാലയം രാജ്യത്ത് ഗ്രീൻഫീൽഡ് എയർപോർട്ടുകൾ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾക്കും നിബന്ധനകൾക്കും വിധേയമായി ആറന്മുളയിൽ ഗ്രീൻഫീൽഡ് വിമാനത്താവളം സ്ഥാപിക്കുന്നതിനായി കേന്ദ്ര സർക്കാരിന്റെ തത്ത്വത്തിലുള്ള അംഗീകാരം കേന്ദ്ര വ്യോമയാന മന്ത്രാലയം അറിയിച്ചു. 16.01.2013 ലെ ജി.ഒ(എം.എസ്) നം. 04/2013/ഗതാ നമ്പർ ഉത്തരവ് പ്രകാരം കെ.ജി.എസ്. ആറന്മുള എയർപോർട്ട് ലിമിറ്റഡ് എന്ന കമ്പനിയിൽ കേരള സർക്കാരിന് 10% ഓഹരി പങ്കാളിത്തം ഉണ്ടായിരിക്കുമെന്നും ഗവൺമെന്റ് നോമിനിയായി കേരള സർക്കാരിനു കമ്പനിയുടെ ഡയറക്ടർ ബോർഡിൽ ഒരു ഡയറക്ടർ ഉണ്ടായിരിക്കുമെന്നും എയർപോർട്ടിന് ആവശ്യമായ സർക്കാർ പുറമ്പോക്ക് ഭൂമി |

മാർക്കറ്റ് വില ഈടാക്കി നൽകുമെന്നും ഉത്തരവായിരുന്നു.

കേന്ദ്ര പരിസ്ഥിതി മന്ത്രാലയം നൽകിയ പരിസ്ഥിതി അനുമതി ദേശീയ ഹരിത ട്രൈബ്യൂണൽ റദ്ദാക്കുകയും പ്രസ്തുത ഉത്തരവ് ബഹു. സുപ്രീം കോടതി ശരിവയ്ക്കുകയും ചെയ്തു. തത്ഫലമായി കേന്ദ്ര പ്രതിരോധ മന്ത്രാലയം ആറന്മുള എയർപോർട്ടിനു നൽകിയ നോൺ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് (എൻ.ഒ.സി) പിൻവലിക്കുകയും ചെയ്തു. കൂടാതെ കേന്ദ്ര വ്യോമയാന മന്ത്രാലയം തത്ത്വത്തിൽ നൽകിയ അനുമതിയും പിൻവലിച്ചു.

ആറന്മുള വിമാനത്താവളം സ്ഥാപിക്കുന്നതു സംബന്ധിച്ച് പുറപ്പെടുവിച്ചിട്ടുള്ള വ്യവസായ വകുപ്പിന്റെയും ഗതാഗത വകുപ്പിന്റെയും ഉത്തരവുകൾ റദ്ദ് ചെയ്യുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ